**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3657** **09-10-2025 - ൽ മറുപടിയ്ക്ക്**

**സംയോജിത ബഹുവിള പുരയിടകൃഷിയെ പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | അയൽക്കൂട്ട ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ സംയോജിത ബഹുവിള പുരയിടകൃഷിയെ പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക തുടങ്ങിയ ഉദ്ദേശത്തോടെ ഞങ്ങളും കൃഷിയിലേക്ക് എന്ന പേരിൽ ഒരു ജനകീയ കാമ്പയിൻ കൃഷി വകുപ്പ് നടപ്പിലാക്കിയിരുന്നു. പ്രാദേശിക സാമ്പത്തിക വികസനം കാർഷിക മേഖലയിലൂടെ കൈവരിക്കാൻ കർഷകരുടെ സ്വയം നിയന്ത്രിത കർഷക കൂട്ടായ്മയെ (Farmers Interest Group - FIG) കൃഷിക്കൂട്ടം എന്ന പേരിൽ രൂപപ്പെടുത്തി ജനകീയ പങ്കാളിത്തത്തോടെ കാർഷിക മേഖലയിൽ മുന്നേറ്റം നടത്തിയിരുന്നു. ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും , ഉത്പാദന ക്ഷമത മെച്ചപ്പെടുത്തുന്നതിനുംവേണ്ടി **ഉത്പാദന മേഖല കൃഷിക്കൂട്ടം**, ഉൽപാദന മേഖലയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അധിക ഉത്പാദനം കൈകാര്യം ചെയ്യുന്നതിനുമായി **മൂല്യവർദ്ധിത കൃഷിക്കൂട്ടം,** ഉൽപ്പാദന മേഖലയുടെയും മൂല്യവർദ്ധിത മേഖലയുടെയും പിന്തുണയ്ക്കായി **സേവന മേഖല കൃഷിക്കൂട്ടം** എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.<br>ഫാം പ്ലാൻ വികസന സമീപന പദ്ധതിയുടെ ഭാഗമായി സംയോജിത ബഹുവിള കൃഷിയോടൊപ്പം കാർഷിക സേവനങ്ങൾ, ഉൽപ്പാദനോപാധികൾ, അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ, മൂല്യവർദ്ധനവ്, വിപണന സംവിധാനം, നൂതന സാങ്കേതികവിദ്യകൾ തുടങ്ങിയവയും നടപ്പിലാക്കി വരുന്നു.<br><br>വിളയധിഷ്ഠിത കൃഷി സമ്പ്രദായത്തിൽ നിന്നും സംയോജിത - ബഹുവിള കൃഷി സമ്പ്രദായത്തിലേക്ക് മാറുക എന്ന ലക്ഷ്യത്തോടെ 2022-23 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് **കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപന** |

| | | | |
|---|---|---|---|
| | | | **പദ്ധതി** (FPDP). പദ്ധതിയുടെഭാഗമായി തദ്ദേശ സ്ഥാപനതലത്തിൽ മാതൃകാ കൃഷിയിട യൂണിറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കൃഷി സമൃദ്ധി പദ്ധതി വഴി തദ്ദേശ ഭരണ സ്ഥാപനങ്ങൾ അടിസ്ഥാനമാക്കിയുള്ള സമഗ്ര ഇടപെടലുകൾ കൃഷിക്കൂട്ടങ്ങൾ വഴി നടത്തിവരുന്നു. കൃഷി കൂട്ടങ്ങളുടെ തദ്ദേശ ഭരണ സ്ഥാപനതല ഫെഡറേഷൻ വാർഡുകൾ കേന്ദ്രീകരിച്ച വാർഡ് തല ഉല്പാദന വിപണന പ്ലാൻ, ഈ പ്ലാനിനെ ആധാരമാക്കിയ പഞ്ചായത്ത്/ബ്ലോക്കുതല പ്ലാനുകൾ തുടങ്ങിയവ ക്ലസ്റ്ററടിസസ്ഥാനത്തിൽ കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ നടത്തുന്ന ഇടപെടലുകളാണ്. |
| (ബി) | ഇതിനായി വിത്ത്, വളം തുടങ്ങിയവയുടെ വിതരണം സർക്കാർ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംയോജിത ബഹുവിള പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികളുടെ ഭാഗമായി വിത്ത്, വളം തുടങ്ങിയ ഉത്പാദനോപാദികൾ വിതരണം നടത്തുന്നു. |
| (സി) | സംയോജിത ബഹുവിള പുരയിടകൃഷിയുടെ ഭാഗമായി ചെറുകിട യന്ത്രവല്കരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ സംയോജിതമായി നടത്താൻ സർക്കാർ നടത്തിയ ഇടപെടൽ വിശദമാക്കുമോ? | (സി) | ഫാം പ്ലാൻ വികസന സമീപനം, കൃഷി സമൃദ്ധി പദ്ധതികളുടെ ഭാഗമായി തയ്യാറാക്കുന്ന കൃഷിയിട യൂണിറ്റുകളിൽ കണ്ടെത്തുന്ന നിർണ്ണായക ഘടകങ്ങളിൽ ചെറുകിട യന്ത്രവത്കരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടത്തേണ്ട സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്. അതോടൊപ്പം തന്നെ കാർഷിക കർമ്മ സേനകൾ/കൃഷിശ്രീ സെന്ററുകൾ എന്നിവയെ സേവന മേഖലയിലുള്ള കൃഷിക്കൂട്ടങ്ങളായി രജിസ്റ്റർ ചെയ്യുകയും യന്ത്രവത്ക്കരണ സസ്യസംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള സേവന മേഖല പ്രവർത്തങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തിയും വരുന്നുണ്ട്.<br>കേന്ദ്ര സംസ്ഥാന പദ്ധതിയായ **Sub-Mission on Agricultural Mechanization (SMAM)** പദ്ധതികളിലെ സഹായങ്ങൾ പ്രയോജനപ്പെടുത്തി, ചെറുകിട യന്ത്രവൽക്കരണ സൗകര്യങ്ങൾ കർഷകർക്കായി ഉറപ്പാക്കുന്നു. ഇതുവഴി കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതവും കാര്യക്ഷമവുമായി നടപ്പാക്കാനും ഉൽപ്പാദനക്ഷമത വർധിപ്പിക്കാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ